LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി, റൂർക്കി എന്നീ സ്ഥാപനങ്ങൾ സംയുക്തമായി പഠനം നടത്തുകയുണ്ടായി. ഈ പഠനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഭൂജല സ്രോതസ്സുകളിൽനിന്നും ജലസാമ്പിളുകൾ ശേഖരിച്ച് അവയുടെ പരിശോധന നടത്തി സമഗ്രമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ പ്രാദേശികമായി ജലമലിനീകരണത്തെ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. ഇതുകൂടാതെ ശുദ്ധജല മലിനീകരണം തടയുവാനായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൻ പ്രകാരം സംസ്ഥാന ഭൂജല അതോറിറ്റിക്ക് അധികാരമുണ്ട്. ആക്ട് പ്രകാരം മലിനജല നിർഗ്ഗമന കുഴലുകളും മറ്റും ജലസ്രോതസ്സുകളെ ബാധിക്കുന്നവിധം സ്ഥാപിക്കുന്നതും ഉപരിതല ജലസ്രോതസ്സുകളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ ഭൂജല സ്രോതസ്സുകളെ ബാധിക്കാൻ സാധ്യതയുള്ളതായി കണ്ടാൽ അതും, തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഭൂജല അതോറിറ്റിക്ക് അധികാരമുണ്ട്.

പുഴകൾ സംരക്ഷിക്കാനുള്ള സമഗ്ര പദ്ധതി

122 (6827) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുഴകൾ സംരക്ഷിക്കാനുള്ള സമഗ്ര പദ്ധതിക്ക് ജലവിഭവ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ;

(സി) ജലസ്രോതസ്സുകൾവറ്റി, തീരങ്ങൾ കയ്യേറപ്പെട്ട് നാശം നേരിട്ടു കൊണ്ടിരിക്കുന്ന സംസ്ഥാനത്തെ പുഴകളെ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പുഴകളെ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും നദീതട അടിസ്ഥാനത്തിൽ നദീതീര വികസനത്തിനുമായി വിവിധ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന പക്ഷം പ്രസ്തുത പദ്ധതികൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) നദീതീര സംരക്ഷണം, നദീതീര വനവത്ക്കരണം, വെള്ളപ്പൊക്കനിവാരണം, ജലസംഭരണം കൃഷിക്കാവശ്യമായ വെള്ളമെത്തിക്കൽ, മാലിന്യം പുഴയിൽ തള്ളുന്നത് തടയാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ വേലി നിർമ്മിക്കൽ, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം, പൊതുജന ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ആശുപത്രി മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ഉപ്പുവെള്ളം കയറുന്നത് പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ജലസേചന പദ്ധതികളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളെ സംരക്ഷിക്കുന്നതിനായി യഥാക്രമം 1222, 950, 807, 499 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സമഗ്രമായ ജലവിഭവ പഠനം നടത്തി മറ്റ് നദികളിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

റിവർ ബേസിൻ അതോറിറ്റി രൂപീകരണം

123 (6828) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ;

(സി) എന്തൊക്കെ കാര്യങ്ങളിലാണ് അതോറിറ്റിക്ക് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നദീതട ബോർഡുകളും തണ്ണീർത്തട വികസന ബോർഡുകളും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയും രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കാലാവസ്ഥ, ജലശാസ്ത്രം, ജലഗുണനിലവാരം എന്നിവ സംബന്ധിച്ചുള്ള വസ്തുതകൾ നിരീക്ഷിക്കുകയും നദീതടങ്ങളുടെ സമഗ്ര

LIBRARY ARCHIVES Kerala Legislative Assembly